# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1725      10/02/2020 -ലെ മറുപടിയ്ക്ക്

**യു.ജി, പി.ജി. കോഴ്സുകളുടെ ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയം**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | **ഡോ. കെ.ടി. ജലീൽ**<br>**(ഉന്നതവിദ്യാഭ്യാസവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എസ്.എസ്. എൽ.സി, പ്ലസ് ടു ഉടങ്ങിയ കോഴ്സുകളുടെ ഉത്തരകടലാസുകളുടെ മൂല്യ നിർണ്ണയം കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പുകളിൽ മാത്രം വളരെ ഗൗരവ പൂർവ്വം നടത്തുമ്പോൾ ഉന്നതവിദ്യാഭ്യാസ മേഖലയിലെ യു.ജി, പി.ജി. ഉടങ്ങിയ കോഴ്സുകളുടെ ഉത്തര കടലാസുകളുടെ മൂല്യനിർണ്ണയം നടത്തുന്നതിന് അദ്ധ്യാപകരെ യൂണിവേഴ്സിറ്റി ക്യാമ്പുകളിലേയ്ക്ക് വിളിച്ച് ഉത്തരക്കടലാസ്സ് കെട്ടുകളാക്കി വീട്ടുകളിലേയ്ക്ക് കൊടുത്തയക്കുന്ന കാര്യം പരിശോധിക്കുമോ; | (എ) & (ബി) | എസ്.എസ്.എൽ.സി, പ്ലസ് ടു ഉടങ്ങിയ കോഴ്സുകളുടെ പരീക്ഷ വർഷാന്ത്യത്തിൽ നടക്കുന്ന ഏക പരീക്ഷകളാണ്. ആയത് കേന്ദ്രീകൃതമായി വേനലവധിക്കാലയളവിൽ സുഗമമായി നടത്തുവാൻ കഴിയുന്നതാണ്. എന്നാൽ നിരവധി പരീക്ഷകൾ നടത്തുന്ന സർവ്വകലാശാലയിൽ വിദ്യാർത്ഥികളുടെ അദ്ധ്യയന ദിനങ്ങൾ നഷ്ടപ്പെടാതെ സെമസ്റ്റർ സമ്പ്രദായം നിലനിർത്തി എല്ലാ പരീക്ഷകളുടെയും മൂല്യനിർണ്ണയം പൂർണ്ണമായി കേന്ദ്രീകൃത രീതിയിൽ നടത്തിയെടുക്കുന്നത് പ്രയാസകരമാണ്. ഈ സാഹചര്യത്തിൽ, സമയബന്ധിതമായി ഫലപ്രഖ്യാപനം നടത്തുന്നതിനുവേണ്ടിയാണ് ഹോം വാല്യുവേഷന് ഉത്തരക്കടലാസുകൾ നൽകുന്നത്. എല്ലാ പരീക്ഷകൾക്കും തുല്യ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. |
| (ബി) | പാർട്ട് ഓഫ് ഡ്യൂട്ടി എന്ന തലക്കെട്ടിൽ അദ്ധ്യാപകർ വീട്ടിൽ കൊണ്ടുപോയി ഉത്തരക്കടലാസ്സ് മൂല്യ നിർണ്ണയം നടത്തുന്നത് യു.ജി, പി.ജി. കോഴ്സുകൾക്ക് എസ്.എസ്. എൽ.സി, പ്ലസ്ടു കോഴ്സുകളെപ്പോലെ പ്രാധാന്യം അർഹിക്കുന്നില്ല എന്നുള്ളത് കൊണ്ടാണോ എന്ന് വ്യക്തമാക്കുമോ; | | |
| (സി) | വീട്ടുകളിൽ കൊണ്ടുപോയി ഉത്തര ക്കടലാസ് മൂല്യനിർണ്ണയം നടത്തുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് ഏതെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ, വിശദമാക്കുമോ; | (സി) | ഇത് സംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ ഏതെല്ലാം യൂണിവേഴ്സിറ്റികളിൽ ഇത്തരത്തിൽ വീട്ടിൽ കൊണ്ടുപോയി മൂല്യ നിർണ്ണയം നടത്തിയതുമായി ബന്ധപ്പെട്ട് പരാതികൾ ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കുമോ; | (ഡി), (ഇ) & (എഫ്) | കാലിക്കറ്റ് സർവ്വകലാശാലയുടെ ഒന്നാം സെമസ്റ്റർ എം.ബി.എ ജനുവരി 2019 (സി.യു.സി.എസ്.എസ്) മാനേജീരിയൽ എക്കണോമിക്സ് എന്ന വിഷയത്തിന്റെ പരീക്ഷയുടെ ആറ് ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് പേര് വെയ്ക്കാത്ത ഒരു പരാതി ലഭിച്ചിരുന്നു. ഇതിനെ തുടർന്ന് ആറ് വിദ്യാർത്ഥികൾക്കു പുനപരീക്ഷ നടത്തിയിട്ടുണ്ട്. ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താറുണ്ട്. |
| (ഇ) | ഗസ്റ്റ് അദ്ധ്യാപകർ ഇത്തരത്തിൽ പേപ്പർ വീട്ടിൽ കൊണ്ടുപോകുന്നുണ്ടോ; എങ്കിൽ ഇതിൽ പരാതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (എഫ്) | 2010 ജനുവരി മുതൽ മൂല്യ നിർണ്ണയവുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിച്ച പരാതികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ? | | |

Rakesh

സെക്ഷൻ ഓഫീസർ